www.viswasasamrakshakan.org

# വിശ്വാസസംരക്ഷകൻ

യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ പ്രസിദ്ധീകരണം

Vol. 2 No. 10 Issue 34 July 15-30 2007

# പെരുന്നാൾ, വിവാഹ ധൂർത്തുകൾ ഒഴിവാക്കണം:

## ശ്രേഷ്ഠ കാതോലിക്ക ബാവ



**പുത്തൻകുരിശിൽ നടന്ന യാക്കോബായ സുറിയാനിക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിൽ ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവ അദ്ധ്യക്ഷപ്രസംഗം നടത്തുന്നു**

കൊച്ചി. പെരുന്നാളുകളിലും വിവാഹങ്ങളിലുമുള്ള ധൂർത്ത് ഒഴിവാക്കണമെന്ന് ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവ നിർദേശിച്ചു.

അനാവശ്യ ചെലവുകൾ വ്യക്തികളുടെയും കുടുംബത്തിന്റെയും സാമ്പത്തിക ഭദ്രത തകർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരുന്നാളുകളിൽ ചെലവേറിയ വെടിക്കെട്ട്, അലങ്കാരങ്ങൾ തുടങ്ങിയവ ഒഴിവാക്കി തുക സാധുജനസംരക്ഷണത്തിന് വിനിയോഗിക്കണമെന്നും ബാവ അഭിപ്രായപ്പെട്ടു. പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽ നടന്ന യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിൽ അധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. വരുമാനം കുറഞ്ഞ ഇടവകകളെ സമ്പാദ്യമുള്ള വലിയ ഇടവകകൾ സഹായിക്കണം.

പള്ളിയിലെ ആകെ വരുമാനത്തിന്റെ പത്തുശതമാനം തുക നിർദ്ധന പള്ളികളെ ഉദ്ധരിക്കുന്നതിനും മനോഗുണപ്രവർത്തനങ്ങൾക്കുമായി മാറ്റിവയ്ക്കണമെന്നും ബാവ പറഞ്ഞു. മദ്യപാനികളെ പള്ളിക്കമ്മിറ്റിയിലേയ്ക്ക് തിരഞ്ഞെടുക്കരുടെന്നും സഭാ നേതൃത്വത്തെ രാത്രികാലങ്ങളിൽ സന്ദർശിക്കരുതെന്നും പള്ളിപ്പണം ധൂർത്തടിക്കരുതെന്നും ബാവ മുന്നറിയിപ്പ് നൽകി.

ചാപ്പലുകൾ നിർമ്മിച്ച് ആരാധനാസൗകര്യം വിപുലപ്പെടുത്താൻ അത്തരം ഇടവകകൾക്ക് കഴിയും. സെമിത്തേരിയും പള്ളിയങ്കണവും പൂന്തോട്ടങ്ങൾ നിർമ്മിച്ച് വൃത്തിയായി സൂക്ഷിക്കണമെന്നും ബാവ ഓർമ്മിപ്പിച്ചു. കുർബ്ബാന സമയത്ത് കരിമരുന്ന് പ്രയോഗം പാടില്ല. ആരാധനയ്ക്ക് വരുന്നവരെ പ്രാർത്ഥനകളിൽ ഒന്നിപ്പിക്കാനുള്ള ചുമതലയായിരിക്കണം ഗായകസംഘത്തിന്.

വധൂവരന്മാർ ബ്യൂട്ടിപാർലറിലും മറ്റും പോയി മോടിപിടിപ്പിക്കുന്നതും

**ശേഷം 2 -ാം പേജിൽ**

# കണിയാംപറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പ വൈദീക ട്രസ്റ്റി, ജോർജ് മാത്യു അൽമായ ട്രസ്റ്റി, തമ്പു ജോർജ് തുകലൻ സഭാ സെക്രട്ടറി

യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ വൈദീക ട്രസ്റ്റിയായി ഡോ. കണിയാംപറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പായേയും അൽമായ ട്രസ്റ്റിയായി ജോർജ് മാത്യു തെക്കേത്തലക്കലിനെയും സഭാ സെക്രട്ടറിയായി തമ്പു ജോർജ് തുകലനേയും വീണ്ടും തെരഞ്ഞെടുത്തു. ജൂലൈ 6 ന് ചേർന്ന യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിൽ ശ്രേഷ്ഠ കാതോലിക്കാ ബാവായാണ് ഭാരവാഹികളെ പ്രഖ്യാപിച്ചത്. ശ്രേഷ്ഠ കാതോലിക്കാ ബാവ മെത്രാപ്പോലീത്തൻ ട്രസ്റ്റിയുമാണ്.



**കണിയാംപറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പ**



**ജോർജ് മാത്യു തെക്കേത്തലയ്ക്കൽ**




**തമ്പു ജോർജ് തുകലൻ**

പ്രമുഖ സുറിയാനി പണ്ഡിതനായി ഡോ. കുര്യൻ കോറെപ്പിസ്കോപ്പ (94) നൂറോളം ഗ്രന്ഥങ്ങളുടെ കർത്താവാണ്. അദ്ദേഹത്തിന്റെ പ്ശീത്തോ സുറിയാനിയിൽ നിന്നുള്ള 'വിശുദ്ധ ഗ്രന്ഥം' ബൈബിൾ വിവർത്തനമാണ് സഭയിൽ ഉപയോഗിക്കുന്നത്. പാത്രിയർക്കീസ് ബാവായിൽനിന്ന് 'മലങ്കര മൽപാൻ' ബഹുമതി ലഭിച്ചിട്ടുള്ള ഇദ്ദേഹം കാഞ്ഞിരമറ്റം സെന്റ് ഇഗ്നാത്തിയോസ് യാക്കോബായ പള്ളി ഇടവകാംഗമാണ്. 1913 ഫെബ്രുവരി 20 നാണ് കാഞ്ഞിരമറ്റം കണിയാംപറമ്പിൽ പൗലോസ്, ആയമ്മ എന്നിവരുടെ പുത്രനായി ജനിച്ചു.

മുളന്തുരുത്തി തുകലൻ അയ്യങ്കേരിൽ പരേതനായ ടി.വി. ജോർജിന്റെയും തങ്കമ്മയുടെയും മകനായ തമ്പു ജോർജ് 1961 ജനുവരി 19 ന് ജനിച്ചു. കണ്ടനാട് മർത്തമറിയം യാക്കോബായ പള്ളി ഇടവകാംഗവും പ്രമുഖ പ്ലാന്ററുമാണ്. ഭാര്യ. എറണാകുളം മണക്കാട്ട് തട്ടുപുയിൽ പുത്തൻപുരയ്ക്കൽ സൂസൻ. ഡോ. സാജൻ ജോർജ് സഹോദരനാണ്.

എറണാകുളം ഗിരിനഗർ തെക്കേത്തലയക്കൽ പരേതനായ യാക്കോബായ സഭയുടെ മുൻ സെക്രട്ടറിയും ട്രസ്റ്റിയുമായിരുന്ന കമാണ്ടർ ടി.പി. മാത്യുവിന്റെയും അന്നമ്മയുടെയും മകനായ ജോർജ് മാത്യു അഞ്ചേരിൽ ഏജൻസീസ്, ടിപിയെം എന്നീ കയറ്റുമതി കമ്പിനികളുടെ ഉടമയാണ്. ഇളംകുളം സെന്റ് മേരീസ് സൂനോറോ കത്തീഡ്രൽ ഇടവകാംഗം. കോട്ടയം കോട്ടപ്പറമ്പിൽ സുജയാണ് ഭാര്യ. ഏലിയാസ്, ജോൺ എന്നിവർ മക്കൾ.



ഡോൺ ബേബി വർഗീസ്

## ഡോൺ ബേബി വർഗീസ്

**വിശ്വാസസംരക്ഷകൻ പുത്തൻകുരിശ് ഏരിയ ഓർഗനൈസർ**

പുത്തൻകുരിശ് സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഇടവകയിൽ കാഞ്ഞിരമറ്റത്തിൽ സി.വി. ബേബിയുടെ പുത്രനാണ്. പുത്തൻകുരിശ് ഇടവകയിലും മാർ ഏലിയ ചാപ്പലിലും ശുശ്രൂഷകനായി പ്രവർത്തിക്കുന്നു. യൂത്ത് അസോസിയേഷൻ കമ്മിറ്റി മെമ്പറാണ്. കടയിരുപ്പ് ശ്രീനരായണ ഗുരുകുലം എൻജിനിയറിംഗ് കോളേജിൽ മൂന്നാംവർഷ വിദ്യാർത്ഥിയാണ്. ഇദ്ദേഹത്തിന്റെ പിതാവ് പുത്തൻകുരിശ് പള്ളി മുൻ ട്രസ്റ്റിയും സണ്ടേസ്കൂൾ ഹെഡ്മാസ്റ്ററുമാണ്.

## ഓർഗനൈസേഴ്സ്



ജെൻസൺ എം.യു.
പാങ്കോട്, സെന്റ് ജോർജ് & സെന്റ് ഗ്രിഗോറിയോസ്



അജിത്ത് പോൾ
പറേപീഠിക, സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ്



ജിത്തു തമ്പി
അമ്പലമുകൾ
മോർ ഗ്രിഗോറിയോസ് ചാപ്പൽ



റജി വരിക്കോലി
സെന്റ് മേരീസ് ചർച്ച്

# പിറന്നാൾ ആശംസകൾ









**ജൂലൈ 22 ന് 79–ാം ജന്മദിനമാഘോഷിക്കുന്ന ശ്രേഷ്ഠ കാതോലിക്ക ബാവ തിരുമേനിക്കും ജൂലൈ 6 ന് 75–ാം ജന്മദിനമാഘോഷിക്കുന്ന കുര്യാക്കോസ് മോർ യൂലിയോസ് മെത്രാപ്പോലീത്തായ്ക്കും ജൂലൈ 12 ന് 67–ാം ജന്മദിനമാഘോഷിക്കുന്ന എബ്രഹാം മോർ സേവേറിയോസ് മെത്രാപ്പോലീത്തായ്ക്കും ജൂലൈ 22 ന് 37–ാം ജന്മദിനമാഘോഷിക്കുന്ന എൽദോ മോർ തീത്തോസ് മെത്രാപ്പോലീത്തായ്ക്കുംവിശ്വാസസംരക്ഷകന്റെ ആശംസകൾ**

# ഓർത്തഡോക്സ് വിഭാഗം ആശയക്കുഴപ്പം സൃഷ്ടിക്കുന്നു

പുത്തൻകുരിശ്. സഭാ കേസിൽ ബഹു. സുപ്രിംകോടതിയിൽ ഉണ്ടായ പരാജയം മറച്ചുവയ്ക്കാനാണ് ഓർത്തഡോക്സ് വിഭാഗം വസ്തുതകളെ മറച്ചുവച്ച് പ്രസ്താവനകളുമായി രംഗത്ത് എത്തിയിരിക്കുന്നതെന്ന് യാക്കോബായ സഭാ ട്രസ്റ്റി ജോർജ് മാത്യു തെക്കേത്തലയ്ക്കലും സഭാ സെക്രട്ടറി തമ്പു ജോർജ് തുകലനും സംയുക്ത പ്രസ്താവനയിൽ പറഞ്ഞു.

1995 ലെ ചരിത്രപ്രാധാന്യമർഹിക്കുന്ന ബഹു. സുപ്രിംകോടതി വിധി ഇടവകപള്ളികൾ ഓർത്തഡോക്സ് സഭയുടേതാണെന്നും 1934 ലെ ഓർത്തഡോക്സ് സഭാ ഭരണഘടനാപ്രകാരം ഭരിക്കപ്പെടേണ്ടതാണെന്നുമുള്ള വാദം തള്ളിക്കളയുകയാണുണ്ടായത്.

വീണ്ടും 2002 ൽ യാക്കോബായ സുറിയാനി സഭയുടെ പള്ളികളിൽ പ്രവേശിക്കുവാൻ പോലീസ് സംരക്ഷണം ആവശ്യപ്പെട്ടും, ഇടവക പള്ളികൾ 1934ലെ ഭരണഘടനപ്രകാരം ഭരിക്കപ്പെടണമെന്നും യാക്കോബായ യഭയുടെ ശ്രേഷ്ഠ കാതോലിക്കാ ബാവായും മെത്രാപ്പോലീത്തന്മാരും പള്ളികളിൽ പ്രവേശിക്കുന്നത് നിരോധിക്കണെമെന്നും ആവശ്യപ്പെട്ട് ഓർത്തഡോക്സ് സഭ നൽകിയ ഹർജിയും ബഹു.സുപ്രിംകോടതി തള്ളി ഉത്തരവായി.

വസ്തുതകൾ ഇതായിരിക്കെ പ്രസ്താവനകൾ നടത്തി ആശയക്കുഴപ്പം സൃഷ്ടിച്ച് ലാഭം കൊയ്യുവാനുള്ള ഓർത്തഡോക്സ് സഭാ നേതൃത്വത്തിന്റെ ശ്രമങ്ങൾ വിലപോവുകയില്ല എന്ന് അവർ പറഞ്ഞു. 1934 ലെ ഭരണഘടന പ്രകാരം എല്ലാ പള്ളികളും ഭരിക്കപ്പെടണമെന്ന് പ്രസ്താവനകൾ നടത്തുന്നവരുടെ നിയന്ത്രണത്തിലുള്ള പാമ്പാക്കുട സെന്റ് ജോൺസ് പള്ളിയും സ്ഥാപനങ്ങളും ഏത് ഭരണഘടനപ്രകാരമാണ് ഭരിക്കപ്പെടുന്നതെന്ന് വ്യക്തമാക്കണം.

1913 ൽ ആരംഭിച്ച സമുദായ കേസിൽ കോടതി വിധികൾ പലതും ഉണ്ടായിട്ടും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിച്ചിട്ടില്ല. മധ്യസ്ഥതയിലൂടെ തർക്കങ്ങൾക്ക് പരിഹാരം കാണാമെന്ന് യാക്കോബായ സഭ ആവശ്യപ്പെടുന്നത് അതിനാലാണ്.

വിശ്വാസികൾ അധ്വാനിച്ച് പടുത്തുയർത്തിയ ഇടവക പള്ളികളും സ്വത്തുക്കളും കൈവശപ്പെടുത്തണമെന്ന ഓർത്തഡോക്സ് പക്ഷത്തിന്റെ ചിന്താഗതിയാണ് പ്രശ്നങ്ങൾ പരിഹരിക്കുവാൻ തടസ്സമാകുന്നതെന്ന് അവർ ചൂണ്ടിക്കാട്ടി.

പണത്തിന്റെയും സ്വാധീനത്തിന്റെയും പിൻബലത്തിലും കേസുകൾ നൽകിയ യാക്കോബായ സഭാ വിശ്വാസികളെ തളർത്തുവാൻ സാധിക്കുകയില്ലായെന്ന് ഇനിയെങ്കിലും ഓർത്തഡോക്സ് നേതൃത്വം മനസ്സിലാക്കുന്നത് നന്നായിരിക്കുമെന്നും ഇടവക പള്ളികളുടെ സ്വത്തുക്കൾ ലക്ഷ്യം വച്ചുകൊണ്ടുള്ള മറുവിഭാഗത്തിന്റെ നീക്കത്തെ ശക്തിയായി നേരിടുമെന്നും അവർ വ്യക്തമാക്കി.

സമൂഹത്തിൽ അപഹാസ്യനാകാതെ കേസുകളും തർക്കങ്ങളും അവസാനിപ്പിച്ച് ക്രൈസ്തവ സാക്ഷ്യം നിറവേറ്റുവാൻ ഓർത്തഡോക്സ് സഭാ നേതൃത്വത്തിന് വിവേകമുണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നതായും അവർ പറഞ്ഞു.

# യാക്കോബായ സഭയുടെ സ്വത്തുക്കൾ കൈവശപ്പെടുത്താനുള്ള ഗൂഢശ്രമം

സമാധാനത്തിന്റെ പേരു പറഞ്ഞ് യാക്കോബായ സഭയുടെ സ്വത്തുക്കൾ കൈവശപ്പെടുത്താനുള്ള ഗൂഢശ്രമമാണ് ഓർത്തഡോക്സ് വിഭാഗം നടത്തുന്നതെന്ന് സഭാ ട്രസ്റ്റി ജോർജ് മാത്യു തെക്കേത്തലയ്ക്കലും സമുദായ സെക്രട്ടറി തമ്പു ജോർജ് തുകലനും സംയുക്ത പ്രസ്താവനയിൽ പറഞ്ഞു.

100 വർഷം കേസ് നടത്തിയിട്ടും മെത്രാൻ കക്ഷി വിഭാഗം എന്ത് നേടി എന്ന് വ്യക്തമാക്കണം. സഭയുടെ സമ്പത്ത് ദുർവ്യയം ചെയ്ത് ലാഭം കൊയ്യുവാൻ ഓർത്തഡോക്സ് വിഭാഗത്തിലെ ഒരു കൂട്ടർ ശ്രമിക്കുകയാണ്. സഭ രണ്ടായി പിരിഞ്ഞ് ശരിയായ ക്രിസ്തീയദൗത്യം നിർവ്വഹിക്കാൻ ആ വിഭാഗത്തിലെ ബഹുഭൂരിപക്ഷവും ആഗ്രഹിക്കുന്നു. 1934 ലെ ഭരണഘടന ഇടവക പള്ളികൾക്ക് ബാധകമാണെന്ന് സമുദായ കേസിൽ 1995 ൽ ഉണ്ടായ സുപ്രിംകോടതി വിധിയിലോ 2007 ഏപ്രിൽ മാസം ഉണ്ടായതായ സുപ്രിംകോടതി വിധിയിലലോ പറഞ്ഞിട്ടിലല്ല. ഇല്ലാത്ത അധികാരങ്ങൾ ഉപയോഗിച്ച് യാക്കോബായ സഭയെ കീഴ്പ്പെടുത്തുവാനാണ് മെത്രാൻകക്ഷി വിഭാഗം ശ്രമിക്കുന്നത്.

ഇന്ത്യൻ ഭരണഘടന അനുവദിക്കുന്ന സ്വാതന്ത്ര്യത്തിനുള്ളിൽ നിന്ന് രൂപം കൊടുത്തിട്ടുള്ള യാക്കോബായ സുറിയാനി സഭയുടെ 2002 ലെ ഭരണഘടനയ്ക്കെതിരായി ഒരു കോടതിയും അഭിപ്രായപ്രകടനം നടത്തിയിട്ടില്ല. സഭകൾ തമ്മിലുള്ള ഭിന്നത അവസാനിപ്പിച്ച് ഇരുസഭകളായി മുൻപോട്ട് പോകണമെന്ന് കേരളത്തിലെ മറ്റ് ക്രൈസ്തവ ഇതര മതവിഭാഗങ്ങളും ആഗ്രഹിക്കുന്നു.

ജനാധിപത്യത്തിൽ ഊന്നികൊണ്ടുള്ള തെരഞ്ഞെടുപ്പും അസോസിയേഷനും ഭരണസംവിധാനവുമായി യാക്കോബായസഭ ചിട്ടയായി പ്രവർത്തിക്കുന്നു. അസോസിയേഷൻ പ്രഖ്യാപനങ്ങൾ അനുസരിച്ച് സഭ മുമ്പോട്ട് പോകുന്നു. അതിനെ തകർക്കുവാനുള്ള ഒരു ശ്രമവും അനുവദിക്കില്ല എന്ന് അവർ പ്രസ്താവിച്ചു. ഇടവക പള്ളികൾക്ക് ലഭിച്ചിട്ടുള്ള സ്വാതന്ത്ര്യത്തെ ഹനിക്കുന്നതായ ഏതു നീക്കത്തെയും നേരിടുവാൻ പ. സഭ പ്രതിജ്ഞാബദ്ധമാണ് എന്ന് അവർ വ്യക്തമാക്കി.

# പെരുന്നാൾ, വിവാഹ ധൂർത്തുകൾ ... ഒന്നാം പേജ് തുടർച്ച

ആരാധനയ്ക്ക് ചേരാത്ത വസ്ത്രങ്ങൾ ധരിക്കുന്നതും നിയന്ത്രിക്കപ്പെടേണ്ടതാണ്. വൈദീകർ കുർബ്ബാന സമയം ഒന്നര മണിക്കൂറായി നിജപ്പെടുത്താൻ ശ്രമിക്കണം. സഭയുടേതായ 'ബൈബിൾ' പുറത്തിറക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നതായി ബാവ പറഞ്ഞു. ഇടുക്കി ഭദ്രാസനം രൂപികരിക്കും. ബാഹ്യകേരള ഭദ്രാസനത്തിന്റെ വിപുലീകരണത്തിന് സബ്കമ്മിറ്റിയെ നിയമിച്ചു. വിവാഹങ്ങൾക്ക് പ്രീമാര്യേജ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കി. വിവാഹമോചനകേസുകൾ സഭാ കോടതിയിൽ പരിഗണിച്ചതിനു ശേഷമേ സിവിൽ കോടതിയെ സമീപിക്കാവൂവെന്ന് ബാവ നിർദേശിച്ചു.

പുതിയ ആത്മീയ പ്രസ്ഥാനങ്ങൾ തുടങ്ങണമെങ്കിൽ ഇടവകയിൽ അപേക്ഷ നൽകി സഭയുടെ അനുവാദം വാങ്ങണം. നിലവിൽ രജിസ്റ്റർ ചെയ്യാത്തവ ഉടൻ ഭരണഘടനയുണ്ടാക്കി രജിസ്റ്റർ ചെയ്യുവാൻ നടപടിയെടുക്കണം. സഭയുടെ എക്യൂമെനിക്കൽ സെക്രട്ടറിയേറ്റ് കൂടുതൽ ശക്തമാകാൻ നടപടിയെടുക്കും. അടുത്തുതന്നെ എക്യൂമെനിക്കൽ സെക്രട്ടറിയേറ്റ് ഓഫീസ് പുത്തൻകുരിശിൽ പ്രവർത്തനം ആരംഭിക്കും. ഇടവക പള്ളികൾ സുവിശേഷയോഗങ്ങൾക്കുവേണ്ടി പണം കണ്ടെത്തണമെന്നും വൈദീക സെമിനാരിക്കുള്ള ഓഹരി നൽകാത്ത പള്ളികൾക്കെതിരെ നടപടിയെടുക്കുമെന്നും ബാവ വ്യക്തമാക്കി.

സഭാ സമാധാന ശ്രമങ്ങൾക്ക് പൂർണ പിന്തുണ നൽകുമെന്ന് എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത ആമുഖപ്രസംഗത്തിൽ പറഞ്ഞു. രാവിലെ ശ്രേഷ്ഠ ബാവായേയും മെത്രാപ്പോലീത്തന്മാരെയും 'തോബശ്ലോം' ചൊല്ലിയാണ് പ്രതിനിധികൾ സ്വീകരിച്ചത്. സഭാ ട്രസ്റ്റി ജോർജ് മാത്യു സ്ലീബായും സെക്രട്ടറി തമ്പു ജോർജ് തുകലൻ പാത്രിയർക്കാ പതാകയും പീറ്റർ വേലംപറമ്പിൽ കോറെപ്പിസ്കോപ്പ ബൈബിളും വഹിച്ച് മുന്നിലായും പിന്നാലെ മെത്രാപ്പോലീത്താമാരും നിരനിരയായി വേദിയിലെത്തി. പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ അനുഗ്രഹ കൽപന ഡോ. യൂഹാനോൻ മോർ പിലക്സിനോസ് മെത്രാപ്പോലീത്ത വായിച്ചു. കോറെപ്പിസ്കോപ്പാമാരായ പൗലോസ് കാട്ടുചിറ നോട്ടീസ് കൽപനയും ജോൺ പുന്നച്ചാലിൽ ഭക്തിപ്രമേയവും ഫാ. വർഗീസ് കല്ലാപ്പാറ അനുശോചനപ്രമേയവും അവതരിപ്പിച്ചു.

മെത്രാപ്പോലീത്തന്മാരായ ഡോ. എബ്രഹാം മോർ സേവേറിയോസ്, തോമസ് മോർ തീമോത്തിയോസ്, മാത്യൂസ് മോർ ഈവാനിയോസ്, ഗീവർഗീസ് മോർ ദിവന്നാസ്യോസ്, യൂഹാനോൻ മോർ മിലിത്തിയോസ്, കുറിയാക്കോസ് മോർ ദിയസ്കോറസ്, ഡോ. കുറിയാക്കോസ് മോർ തെയോഫിലോസ്, മാത്യൂസ് മോർ തേവോദോസിയോസ്, പത്രോസ് മോർ ഒസ്താത്തിയോസ്, മാത്യൂസ് മോർ അപ്രേം, കുറിയാക്കോസ് മോർ യൗസേബിയോസ്, ഡാ. ഗീവർഗീസ് മോർ കൂറിലോസ്, മർക്കോസ് മോർ ക്രിസോസ്റ്റമോസ്, ഏലിയാസ് മോർ അത്തനാസ്യോസ്, മുൻ മന്ത്രി പി.പി. തങ്കച്ചൻ തുടങ്ങിയവരും സംബന്ധിച്ചു. മലങ്കരയിലെ ആയിരത്തോളം പള്ളികളിൽനിന്നായി 3500 ൽപരം പ്രതിനിധികൾ പങ്കെടുത്തു.

# ശ്രേഷ്ഠ ബാവ തിരുമനസ്സിലെ പൊതുകൽപന

നമുക്കേറ്റവും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലേയും ബഹു. വികാരിമാർക്കും സഹവികാരിമാർക്കും കൈക്കാരന്മാർക്കും കമ്മിറ്റിക്കാർക്കും ശേഷം ജനങ്ങൾക്കും കർത്താവിൽ വാഴ്വ്

പ്രിയരെ സസ്നേഹം അറിയിക്കുന്നത്,

യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ഭരണഘടന അനുശാസിക്കുന്ന വിധത്തിൽ അസോസിയേഷൻ യോഗം 2007 ജൂലൈ മാസം 6-ാം തീയതി പുത്തൻകുരിശ് പാത്രിയർക്കാ സെന്റർ മൈതാനിയിൽ പ.പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവ നഗറിൽ വച്ച് ദൈവാത്മനിയോഗത്താൽ അനുഗ്രഹകരമായി നടത്തപ്പെട്ടതിൽ വിനയത്തോടെ ദൈവത്തെ മഹത്വപ്പെടുത്തുന്നു. പ.സഭയിലെ എല്ലാ പള്ളികളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തതായ അസോസിയേഷൻ യോഗം അജണ്ട അനുസരിച്ചുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കുകയുണ്ടായി. അടുത്ത 5 വർഷത്തേയ്ക്ക് മെത്രാപ്പോലീത്തൻ ട്രസ്റ്റിയായി ബലഹീനനായ നമ്മെയും, വൈദിക ട്രസ്റ്റിയായി കണിയാംപറമ്പിൽ വന്ദ്യ ഡോ.കുര്യൻ കോറെപ്പിസ്കോപ്പായെയും, അൽമായ ട്രസ്റ്റിയായി ജോർജ് മാത്യു തെക്കേത്തലക്കലിനേയും സമുദായ സെക്രട്ടറിയായി തമ്പുജോർജ് തുകലനേയും അസോസിയേഷൻ ഭരണഘടനയുടെ 75,76 വകുപ്പുകൾ പ്രകാരം സഭാ മാനേജിംഗ് കമ്മിറ്റിയിലേയ്ക്ക് അവശ്യമുള്ള അംഗങ്ങളേയും യോഗം ഐക്യകണ്ഠേന തെരഞ്ഞെടുത്തു. തുടർന്ന് അന്നുതന്നെ സഭാ മാനേജിംഗ് കമ്മിറ്റിയോഗം ചേരുകയും ഭരണഘടനയുടെ 93-ാം വകുപ്പിൻപ്രകാരം സഭാ വർക്കിംഗ് കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുത്തു. ദൈവത്തിന്റെ പരിശുദ്ധാത്മാവ് പ്രവർത്തിക്കുകയും പ.പിതാക്കന്മാരുടെ മദ്ധ്യസ്ഥത നിറപടിയായി ലഭിക്കുകയും ചെയ്തതിനാൽ എല്ലാകാര്യങ്ങളും ആത്മീയാന്തരീക്ഷത്തിൽ നിവർത്തിക്കപ്പെട്ടു. മാതൃകയായി സഹകരിച്ച പള്ളികളേയും അസോസിയേഷൻ അംഗങ്ങളേയും ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുന്നു.

**പ്രിയമക്കളെ,** വരുന്ന നാളുകൾ പ.സഭയെ സംബന്ധിച്ചിടത്തോളം ഏറെ നിർണ്ണായകമാകയാൽ ബഹു. പള്ളികളും ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളും ദൈവമക്കളോരോരുത്തരും കരുതലുള്ളവരായിരിക്കുകയും പ.സഭയ്ക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യണം. പ. അന്ത്യോഖ്യാ സിംഹാസനം വിട്ടുപോയ മെത്രാൻകക്ഷികൾ സഭയെ തളർത്തുവാൻ വീണ്ടും ശ്രമിക്കുന്നതിനാൽ സൂക്ഷ്മതയോടും തീക്ഷ്ണതയോടുംകൂടി സത്യവിശ്വാസികൾ വർത്തിച്ചുകൊള്ളണം. ബഹു.പള്ളികളിലോ ഇടവകാതിർത്തികളിൽ നിശ്ചയിക്കുന്ന സ്ഥലത്തോ തങ്ങളുടെ ഭവനങ്ങളിലോ എല്ലാ ശനിയാഴ്ചയും ഉച്ചകഴിഞ്ഞ് ഒന്നര മണിക്കൂർ നേരം പ.സഭയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥന നടത്തണം. ഇടവക തലത്തിൽ വരുന്നതായ കേസുകൾ സഭാ കേന്ദ്രവുമായി ബന്ധപ്പെട്ട് ആലോചിച്ച് നടത്തേണ്ടതാണെന്ന് വീണ്ടും അറിയിക്കുന്നു. ബഹു. പള്ളികളുടെയും സ്ഥാപനങ്ങളുടെയും സ്വാതന്ത്ര്യവും സുരക്ഷിതത്വവും നിലനിർത്തികൊണ്ട് പ.സഭയുടെ ഭരണഘടനയാകുന്ന ചട്ടക്കൂട്ടിൽ സഭ ഉത്തരോത്തരം വളുമ്പോൾ പള്ളികളും സ്വത്തുക്കളും കൈവശപ്പെടുത്തുവാൻ മെത്രാൻകക്ഷികൾ കേസുകൾവഴി നമ്മെ പീഢിപ്പിക്കുന്ന ഈ സന്ദർഭത്തിൽ ബഹു.പള്ളികൾ മാറിനിൽക്കാതെ സഹായിച്ചുകൊള്ളണം.

സഭയുടെ ആസ്ഥാനമായ പാത്രിയർക്കാ സെന്ററിന്റെ ഇരുവശത്തുമുള്ള ഭാഗങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നിവർത്തിച്ചുകൊണ്ടിരിക്കുന്നു. നാളിതുവരെ സഹകരിച്ചിട്ടുള്ള ബഹു.പള്ളികളെയും സ്ഥാപനങ്ങളെയും ദൈവമക്കളോരോരുത്തരെയും പ്രത്യേകം നന്ദിയോടെ സ്മരിക്കുന്നു.

സണ്ടേസ്കൂൾ പ്രസ്ഥാനത്തിനും മർത്തമറിയം വനിതാസമാജത്തിനുമൊഴികെ ഇപ്പോൾ പ.സഭയിൽ പ്രവർത്തിക്കുന്ന 11 പ്രസ്ഥാനങ്ങൾക്ക് പ്രത്യേകം പ്രത്യേകം ഓഫീസുകൾ വേണ്ടിവന്നിരിക്കുന്നു. അടിയന്തിരമായി പ.സഭയുടെ ആസ്ഥാനത്ത് അന്വേഷിച്ച് ബഹു പള്ളികളും സ്ഥാപനങ്ങളും സഭാ സ്നേഹികളായ ദൈവമക്കളും ഓരോന്നും സ്പോണസർ ചെയ്ത് നിർമ്മാണപ്രവർത്തനങ്ങളിൽ സഹകരിക്കണം. പാത്രിയർക്കാ സെന്ററിന്റെ ഇരുവശങ്ങളിലുമായി 40 മുറികളും 4 ഹാളുകളും പൂർത്തിയായി വരുന്നു. അതിവേഗത്തിലുള്ള ഈ വളർച്ചയുടെയും വികസനത്തിന്റെയും നേരെ എല്ലാവരുടെയും കണ്ണുകൾ തുറക്കുവാൻ എന്നും പ്രാർത്ഥിക്കുകയും രാപ്പകൽ ഞങ്ങൾ ഓടുകയുമാണെന്ന് വിനയത്തോടെ അറിയിക്കുന്നു.

ഇംഗ്ലണ്ടിലുള്ള സത്യവിശ്വാസികളുടെ ക്ഷണം അനുസരിച്ച് പ.എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി അഭിവന്ദ്യ ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയും നാമും ജൂലൈ ഏഴാം തീയതി അവിടെനിന്നും യാത്ര തിരിച്ച വിവരവും ഇതിനാൽ നാം നിങ്ങളെ അറിയിക്കുന്നു.

പെന്തിക്കോസ്തിയുടെ നാളുകളിൽ പ്രധാനാചാര്യന്മാരായ ഞങ്ങൾ മൂന്ന് ദിവസം കാത്തിരുന്ന് ധ്യാനിച്ച് സുപ്രധാന പല തീരുമാനങ്ങളും എടുത്തിട്ടുണ്ട്. പ.സഭയുടെ പാരമ്പര്യങ്ങൾക്കും വിശ്വാസാചാരാനുഷ്ഠാനങ്ങൾക്കും കോട്ടം വരാത്ത വിധത്തിലും എന്നാൽ ആനുകാലികവും മാനുഷികവുമായ കാര്യങ്ങൾ ഉൾകൊണ്ടും പ.സുന്നഹദോസ് എടുത്ത നിശ്ചയങ്ങൾ ഇതുവഴി നാം നിങ്ങളെ അറിയിക്കുന്നു. പ.എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയായി അഭി.ജോസഫ് മോർ ഗ്രിഗോറിയോസ് തിരുമേനിയേയും, ശ്രേഷ്ഠമായി നടത്തപ്പെടുന്ന വൈദീക സെമിനാരിയുടെ പ്രസിഡന്റായി അഭിവന്ദ്യ ഡോ. എബ്രഹാം മോർ സേവേറിയോസ് തിരുമേനിയേയും മർത്തമറിയം വനിതാസമാജത്തിന്റെ പ്രസിഡന്റായി അഭിവന്ദ്യ കുര്യാക്കോസ് മോർ യൗസേബിയോസ് തിരുമേനിയേയും വൈദീകസംഘത്തിന്റെ പ്രസിഡന്റായി അഭി.ഏലിയാസ് മോർ അത്തനാസ്യോസ് തിരുമേനിയേയും തെരഞ്ഞെടുത്തിരിക്കുന്നു. പ.സഭയിൽ നിലവിലിരിക്കുന്ന എല്ലാ പ്രെയർ ഫെല്ലോഷിപ്പുകളുടെയും പ്രസിഡന്റായി അഭിവന്ദ്യ പിതാവായ ഡോ.ഗീവർഗീസ് മോർ കൂറിലോസ് തിരുമേനിയെ ചുമതലപ്പെടുത്തിയിരിക്കുന്നു. സുവിശേഷീകരണം പ.സഭയിൽ സമർത്ഥമായി നിറവേറ്റപ്പെടുന്നതിനാൽ അഭിവന്ദ്യ തിരുമേനിയോടു കൂടെ പ്രവർത്തിക്കുന്നതിന് അഭി. മാത്യൂസ് മോർ അപ്രേം തിരുമേനിയേയും നിയോഗിച്ചിട്ടുണ്ട്. മേലിൽ പ.സഭയിൽ ഏതെങ്കിലും ആത്മീയ പ്രസ്ഥാനങ്ങൾ ആരംഭിക്കണമെങ്കിൽ ബഹു. ഇടവക വികാരിയുടെ ശുപാർശയോടുകൂടി ഭദ്രാസന മെത്രാപ്പോലീത്ത വഴി പ.സഭയുടെ അംഗീകാരം വാങ്ങിയിരിക്കണം.

പ.സഭയിലെ എല്ലാ ഇടവകപള്ളികളും വാർഷിക വരുമാനത്തിന്റെ 1% വൈദീക സെമിനാരിക്ക് അയച്ചുകൊടുത്ത് വിവരം രേഖാമൂലം ഇവിടെ അറിയിച്ചിരിക്കേണ്ടതാണ്. ഇതനുസരിക്കാത്ത പള്ളികൾക്ക് വൈദീകരുടെ സേവനം ആവശ്യപ്പെടുവാൻ അനുവാദമില്ല എന്നുള്ളത് ഓർത്തിരിക്കണം. പ.സഭ കാലാകാലങ്ങളിൽ തെരഞ്ഞെടുത്ത് നിയോഗിക്കുന്ന സമിതികളുടെ ആലോചന പരിഗണിച്ച് ഭദ്രാസന മെത്രാപ്പോലീത്തയും പരി. എപ്പിസ്കോപ്പൽ സുന്നഹദോസും അറിയിക്കുന്ന കാര്യങ്ങൾ അനുസരിക്കാതെ വിഴ്ച വരുത്തുന്ന ബഹു.പള്ളികളിലേയ്ക്ക് പ്രധാനാചാര്യന്മാരുടെ ശുശ്രൂഷ ആവശ്യപ്പെടരുതെന്ന് വീണ്ടും നാം നിങ്ങളെ അറിയിക്കുന്നു. ഇതനുസരിച്ച് ഭദ്രാസന ഭോഗങ്ങൾ, സഭാദിന കവർപിരിവുകൾ, പരി.സഭയുടെയും ഇടവകപള്ളികളുടെയും ധനശേഖരങ്ങൾ തുടങ്ങി സകലതും ചുമതലപ്പെട്ടവർ അതാത് സ്ഥാനത്ത് കൊടുത്തിരിക്കണം.

പനിപനിയും പകർച്ചവ്യാധികളും ആപത്തുക്കളും പെരുകി വരുന്ന ഈ കാലയളവിൽ സമൂഹത്തിൽനിന്നും ഇവ നീങ്ങി പോകുന്നതിനായി നമ്മുടെ എല്ലാ പള്ളികളിലും ഭവനങ്ങളിലും പ്രത്യേകം പ്രാർത്ഥിക്കുകയും ജാതിമത സമുദായ ഭേദമെന്യേ നമ്മുടെ ചുറ്റുപാടുകളിൽ സഹായവും ശുശ്രൂഷയും നൽകുന്നതിൽ ദൈവമക്കളോരോരുത്തരും കരുതലുള്ളവരായിരിക്കുകയും വേണം. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർത്തിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യകമറിയാം അമ്മയുടെയും സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും, പ്രത്യേകാൽ ശ്ലീഹന്മാരുടെ തലവനായ വി. പത്രോസിന്റെയും ഇന്ത്യുടെ കാവൽപിതാവായ മോർ തോമാശ്ലീഹായുടെയും പ്രാർത്ഥനകളാൽ തന്നെ ആമ്മീൻ.

ഇംഗ്ലണ്ടിലെ സെന്റ് മേരി ഓൾഡർ
മേരി പള്ളിയിൽനിന്നും
2007 ജൂലൈ മാസം 16-ാം തീയതി

ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക

# നോർത്ത് അമേരിക്കൻ ഫാമിലി കോൺഫ്രറൻസ് ഒരുക്കങ്ങൾ പൂർത്തിയായി

നോർത്ത് അമേരിക്കൻ ആർച്ച് ഡയോസിസിന്റെ 22-ാമത് വാർഷിക കൺവൻഷനും കുടുംബസമ്മേളനവും ഈ വർഷം ജൂലൈ മാസം 26 മുതൽ 29 വരെ ടെക്സാസിൽ വച്ച് നടത്തപ്പെടുന്നു. 'ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ' (1 തെസ്സ 4:3) എന്ന വി. വേദവാകൃമാണ് ഈ വർഷത്തെ ചിന്താവിഷയം. കൺവൻഷന്റെ മുഖ്യാതിഥിയായി ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവ ആണ്. ടെക്സാസിലെ Crowne Plaza Hotels & Resorts Dallas Near the Galleria 14315 Midway Road, Addison, TX 75001 ൽ ആണ് കൺവൻഷൻ നടക്കുന്നത്. അഭി. എൽദോ മോർ തീത്തൂസ് മെത്രാപ്പോലീത്തായുടെ മഹനീയ നേതൃത്വത്തിൽ നടക്കുന്ന കൺവൻഷനിൽ റവ. ഡോ. എ.പി. ജോർജ്, റവ. ഫാ. ബൈജു ചാണ്ടി, റവ.ഫാ. ഷിബു യോഹന്നാൻ, കമാണ്ടർ ഡോ. റോയി പി. തോമസ്, ഡോ. സൂസൻ ജോക്കബ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകും യുവജനങ്ങൾക്കായുള്ള പ്രത്യേക യോഗത്തിൽ Rev. Fr. Boulos Michael, Ms. Naomi LaRue എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. ആർച്ച് ഡയോസിഷൻ സെക്രട്ടറി റവ. ഫാ. മത്തായി വർക്കി പുതുകുന്നത്ത്, ജോ. സെക്രട്ടറി റവ. ഫാ. ഡോ. പോൾ റ്റി. പറമ്പത്ത്, ആർച്ച് ഡയോസിഷൻ ട്രഷറാർ മിസ്റ്റർ കെ.സി. വർഗീസ്, ജോ. ട്രഷറാർ മിസ്റ്റർ ജോബി ജോർജ് എന്നിവർ കൺവൻഷന് നേതൃത്വം നൽകും.



അസോസിയേഷനോടനുബന്ധിച്ച് ഇറക്കിയ വിശ്വാസസംരക്ഷകൻ പ്രത്യേക പതിപ്പ് അഭിവന്ദ്യ പിതാക്കന്മാരും ബഹു. യു.ഡി.എഫ് കൺവീനർ പി.പി. തങ്കച്ചനും വായിക്കുന്നു



# MALANKARA ARCHDIOCESE OF THE SYRIAN ORTHODOX CHURCH IN NORTH AMERICA

## 22nd Annual Convention and Family Conference from July 26 to July 29, 2007

## At Crowne Plaza Hotels & Resorts Dallas Near the Galleria

## 14315 Midway Road, Addison, TX 75001



H.H. Moran Mor Ignatius Zakka I Iwas
Patriarch of Antioch and All the East
Supreme Head of the Universal Syrian Orthodox Church



H.B. Aboon Mor Baselios Thomas 1
Catholicose of Malankara



H.E. Mor TitusYeldho
Archbishop / Patriarchal Vicar



Malankara Archdiocese of the Syrian Orthodox Church in North America is functioning directly under the spiritual and administrative jurisdiction of His Holiness Moran Mor Ignatius Zakka I Iwas, Patriarch of the Universal Syrian Orthodox Church and under the spiritual leadership of His Eminence Archbishop Mor Titus Yedho. The unparallel spiritual legacy of Mor Athanasius Yeshue Samuel, cherished with the untiring efforts of many Clergy and Faithful contributed to the progress and stability of this Archdiocese. Indeed the spiritual and administrative guidance of His Eminence Mor Julios Kuriakose and His Eminence Mor Ivanios Mathews, added to the grace and present steadiness of the Malakara Archdiocese.

Although the Archdiocese had to go through an unprecedented and unfortunate dilemma that culminated in Dec. 2001, it resurrected with much glory and strength as a witnessing community. The timely Apostolic intervention and guidance of His Holiness Moran Mor Ignatius Zakka I Iwas, The Supreme Head of the Universal Syrian Orthodox Church and the diligent efforts and meaningful dispensation of the Apostolic Mission of His Eminence Mor Themotheos Thomas and His Eminence Mor Gregorios Joseph, coupled with the conscientious hard work of His Beatitude Aboon Mor Baselios Thomas I and His Eminence Mor Coorilos Aphrem Karim and other Metropolitans of the Holy Church, would be treasured for years to come. Certainly, the Archdiocese emerged from that devastating situation to a splendid growth and now heading to a prosperous and spiritually rewarding future.

The selfless dedication of the Clergy, the energetic efforts of the Archdiocesan Council and the industrious commitment of the leaders of various spiritual organizations enormously contributed to the present growth and progressive mode of the Archdiocese that bring glory, grace and goodwill to the Holy Church and to the Malankara Archdiocese.

At present we have 36 full fledged Parishes and a couple of congregations under the Malankara Archdiocese and 41 Priests together with 9 Deacons, unselfishly serving at various Parishes. New Parishes are getting started in various parts of the United States and Canada, and Priests are being brought in with R1 visas to cater to the spiritual needs of the faithful. This shows a positive momentum towards a leap in membership growth and church attendance which contributes to the spiritual progress of the community. It is also mentionable here that the Youth members together with members of various spiritual organizations, are more enthusiastic in learning and preparing themselves to uphold the time tested Apostolic faith and venerable traditions of the Holy Syrian Orthodox Church.

The theme for the Family Conference 2007 is ***"For this is the Will of God, your sanctification."*** **1Thessalonians 4:3.** His Beatitude Catholicose Aboon Mor Baselios Thomas I will bless the Conference as Chief Guest and Rev. Fr. Dr. A.P. George, Rev. Fr. Baiju Chandy, Rev. Fr. Shibu Yohannan, Comm. Dr. Roy P. Thomas, Dr. Susan Jacob would address at various sessions as Keynote Speakers and Rev. Fr. Boulos Michael and Ms. Naomi LaRue would engage the youth sessions. The Archbishop H.E. Mor Tirus Yeldho, The Archdiocesan Council, and various committees are functioning to make this a successful and memorable event. St. Mary's Syrian Orthodox Church, Carrollton Texas, is facilitating and assisting the Archdiocesan Council for the Annual Convention and Family Conference 2007, along with St. Ignatius Syrian Orthodox Church, Dallas. The Souvenir, *Malankara Deepam* will also be released on this solemn occasion. I beseech the esteemed Clergy and the beloved Faithful to pray for Divine Guidance for the success of this annual event of the Malankara Syrian Orthodox Christians in North America, under the Holy Apostolic See of Antioch and All the East.

With earnest prayers and sincere Regards,
Sd/-
Rev. Fr. Mathai Varkey Puthukkunnathu
*Archdiocesan Secretary*

---

**MALANKARA ARCHDIOCESE**
of the Syrian Orthodox Church in North America
*(Under the Holy Apostolic Throne of Antioch and All the East)*

**Archbishop Mor TitusYeldho**
Patriarchal Vicar

ദൈവകൃപയാൽ

No.45/07 — ARCHBISHOP PATRIARCHAL VICAR TITUS YELDHO — July 12, 2007

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന വാത്സല്യ ദൈവമക്കളേ,

നമ്മുടെ നോർത്ത് അമേരിക്കൻ ആർച്ച് ഡയോസിസിന്റെ 22-ാമത് വാർഷിക കൺവൻഷനും കുടുംബസമ്മേളനവും ഈ വർഷം ജൂലൈ മാസം 26 മുതൽ 29 വരെ ടെക്സാസിൽ വച്ച് നടത്തപ്പെടുകയാണല്ലോ. 'ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ' (1 തെസ്സ 4:3) എന്ന വി. വേദവാക്യത്തെ അടിസ്ഥാനമാക്കി സമ്മേളിക്കുന്ന ഈ കൂടിവരവ് അമേരിക്കയിലെ നമ്മുടെ ദൈവമക്കളുടെ ആത്മീയ അഭിവൃദ്ധിക്കും കുടുംബങ്ങൾ തമ്മിലുള്ള സൗഹൃദങ്ങൾക്കും മുഖാന്തിരമായി തീരട്ടെയെന്ന് നാം പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. കൺവൻഷന്റെ മുഖ്യാതിഥിയായി ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവ എഴുന്നുള്ളുന്നു എന്നുള്ളത് നമുക്കേവർക്കും ഏറെ സന്തോഷകരമാണ്. കഴിയുന്നിടത്തോളം എല്ലാ ദൈവമക്കളും ഈ വർഷത്തെ കൺവൻഷനിൽ വന്ന് പങ്കെടുക്കുകയും വരാൻ സാധിക്കാത്ത ദൈവമക്കൾ അതിന്റെ അനുഗ്രഹകരമായ നടത്തിപ്പിനായി പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് നിങ്ങളുടെ സ്നേഹത്തെ നാം ഓർമ്മിപ്പിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം നിങ്ങളുടെ

തീത്തോസ് തിരുമേനി

# Malankara Archdiocese of the Syrian Orthodox Church in North America

## Former Metropolitans


Late Lamented Archbishop H.E. Mor Athanasius Yeshue Samuel


H.E. Mor Julios Kuriakose


H.E. Mor Ivanios Mathews

## HIGHLIGHTS

**SUPREME PATRON**

His Holiness Moran Mor Ignatius Zakka I Iwas

*Supreme Head of the Universal Syrian Orthodox Church*

**PATRON**

H. E. Mor Titus Yeldho

*Archbishop & Patriarchal Vicar*

**CHIEF GUEST**

H. B. Catholicose Aboon Mor Baselios Thomas I

**KEYNOTE SPEAKERS**

Rev. Fr. Dr. A.P. George
Rev. Fr. Baiju Chandy
Rev. Fr. Shibu Yohannan
Comm. Dr. Roy P. Thomas
Dr. Susan Jacob

**YOUTH SESSIONS:**

Rev. Fr. Boulos Michael
Ms. Naomi LaRue



# MALANKARA ARCHDIOCESAN COUNCIL



Rev.Fr.Mathai Varkey Puthukkunnathu
Archdiocesan Secretary


Rev. Fr. Dr. Paul T. Parambath
Joint Secretary


Mr. K.C. Varghese
Archdiocesan Treasurer


Mr. Joby George
Joint Treasurer


V. Rev. Corepiscopos Eapen Ezhamalil


Very Rev. Corepiscopos Joseph C. Joseph


Rev. Fr. V.M. Thomas


Mr. Babu Vadakedath


Mr. David Paul


Mr. Manoj John


Mr. Mathew Johnson


Mr. Paul Pathrose


Mr. Peter Korath


Mr. Saju Thomas Potharayil


Mr. Thomas Panickar

## SPIRITUAL ORGANIZATIONS

**Clergy Association**
Rev. Fr. Abraham O. Kadavil

**Sunday School Association**
V.Rev. Cor. Joseph C. Joseph
Mr. Mani Abraham

**Antiochean True Faith**
Rev.Fr. Kuriakose A. Karukayil
Mr. K. C. Varghese

**MGSOSA**
Rev. Fr. Rajan Peter
Mr. George Aramath

**St. Mary's Women's League**
Rev. Fr. Alias Aramath
Mrs. Elmy Paul

**St. Paul's Fellowship**
Rev. Fr. Varghese Marunninal
Mr. Abraham Mathew &

**Chief Editor:**
*Malankara Deepam*
Mr. Babu Jacob Nadayil

**Auditors:**
Mr.Saju Paulose,
Mr.P.O. Jacob

# MALANKARA ARCHDIOCESE OF THE SYRIAN ORTHODOX CHURCH IN NORTH AMERICA

**22nd Annual Convention and Family Conference from July 26 to July 29, 2007**

# ആശംസകൾ

# SOCM-FORUM

**യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ ഒരു ഇൻറർനെററ് ഫോറം**

**http://groups.yahoo.com/group/SOCM-FORUM/**

**വായിക്കുക!!! പങ്കാളികളാകുക!!! പ്രചരിപ്പിക്കുക!!!**

**To get more details, visit us at:**

# www.socmnet.org

# യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭ

## ഔദ്യോഗിക സർക്കുലേഷൻ

**പ.സഭയുടെ പാരമ്പര്യങ്ങൾക്കും വിശ്വാസാചാരാനുഷ്ഠാനങ്ങൾക്കും കോട്ടം വരാത്തവിധത്തിലും എന്നാൽ ആനുകാലികവും മാനുഷികവും ആയ കാര്യങ്ങൾ ഉൾകൊണ്ടും പ.സുന്നഹദോസ് പ്രാർത്ഥനാപൂർവ്വം എടുത്ത നിശ്ചയങ്ങൾ ഇതുവഴി നിങ്ങളെ അറിയിക്കുന്നു**

1. ഇടവക പള്ളികൾ, കേസുകൾ സംബന്ധിച്ചുള്ള രേഖകൾ കോടതിയിൽ ഹാജരാക്കുന്നതിനുമുമ്പ് സഭാ ഭാരവാഹികൾ മുഖേന ലീഗൽ സെല്ലുമായി ബന്ധപ്പെട്ട് കാര്യങ്ങൾ ചെയ്തുകൊള്ളണം.

2. രണ്ട് സഭകളായി പിരിയുന്നത് സംബന്ധിച്ച് ചർച്ചകൾക്ക് നേതൃത്വം കൊടുക്കുവാൻ തയ്യാറായിരിക്കുന്ന W.C.C യുടെ ജനറൽ സെക്രട്ടറി ഡോ. സാമുവേൽ കോബിയയുടെ പരിശ്രമങ്ങൾക്ക് പ. സഭ എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തിരിക്കുന്നു. ഇരുസഭകളായി പിരിയുന്ന കാര്യത്തെപ്പറ്റിയും മറ്റുമുള്ള തുടർ ആലോചനകൾക്ക് അഭിവന്ദ്യരായ മൂന്ന് തിരുമേനിമാരും, സഭാ ഭാരവാഹികളുമടങ്ങിയ സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

3. ഇപ്പോഴുള്ള സഭയുടെ ആത്മീയ പ്രസ്ഥാനങ്ങളായ സണ്ടേസ്കൂൾ, യൂത്ത് അസോസിയേഷൻ, മർത്തമറിയം വനിതാസമാജം, വിശ്വാസസംരക്ഷണസമിതി, കേഫ, പ്രെയർ ഫെല്ലോഷിപ്പുകൾ തുടങ്ങിയവ പ.സഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ പൂർണ്ണ നിയന്ത്രണത്തിലായിരിക്കും. പ.സഭയിൽ പുതുതായി ഏതെങ്കിലും ആത്മീയ പ്രസ്ഥാനം ആരംഭിക്കുന്നതിനുമുമ്പായി ഭദ്രാസന മെത്രാപ്പോലീത്ത വഴി സഭയെ അറിയിച്ച് അനുവാദം വാങ്ങി മാത്രം തുടങ്ങേണ്ടതാണ്.

4. കാലാകാലങ്ങളിൽ പ.സഭ നിശ്ചയിക്കുന്ന സഭാഭോഗങ്ങളും, ഭദ്രാസന ഭോഗങ്ങളും കൊടുക്കുന്ന പള്ളികളിലേയ്ക്ക് മാത്രമെ മെത്രാപ്പോലീത്തന്മാരെ ക്ഷണിക്കാവൂ.

5. പ.സഭയിലെ ആരാധന ഏകീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നിർവ്വഹിക്കുന്നതിനായി ഒരു സബ്കമ്മിറ്റി പ്രവർത്തിച്ചുവരുന്നു.

6. വി. കുർബ്ബാനയും, മദ്ധ്യസ്ഥപ്രാർത്ഥനയും ആഴ്ചതോറുമുള്ള പ്രസംഗവും ഒന്നര മണിക്കൂർകൊണ്ട് നിവർത്തിക്കണം. പെരുന്നാൾ ദിവസമോ, മെത്രാപ്പോലീത്ത എഴുന്നുള്ളുന്ന സമയത്തോ, അതുപോലെ വളരെ പ്രാധാന്യമുള്ള ദിവസങ്ങളിൽ മാത്രമേ സമയവ്യത്യാസം വരുത്താവൂ. ആരാധനാസമയത്തിന്റെ ദൈർഘ്യം കൂട്ടരുത്.

7. വി.മദ്ബഹായും, പള്ളി പരിസരങ്ങളും പ്രത്യേകിച്ച് സെമിത്തേരിയും വൃത്തിയായി സൂക്ഷിക്കണം. വി. മദ്ബഹായിലും, പള്ളിക്കകത്തും വൃത്തിഹീനമായ കാർപെറ്റുകൾ ഉപയോഗിക്കരുത്. കാർപെറ്റിനുപകരം വെള്ളം കൊണ്ടു വൃത്തിയാക്കാവുന്ന തരത്തിലുള്ള ഭംഗിയുള്ള വസ്തുക്കൾ ഉപയോഗിക്കുവാൻ കരകുതികൊള്ളണം. പള്ളിയുടെ മുറ്റത്തും പരിസരങ്ങളിലും ചെടികൾ വച്ചുപിടിപ്പിക്കുന്നതും പൂന്തോട്ടങ്ങൾ ഉണ്ടാക്കുന്നതും നല്ലതായിരിക്കും.

8. വൈദീക സെമിനാരിയിൽ നിന്നോ സണ്ടേസ്കൂൾ ഹെഡ്ക്വാർട്ടേഴ്സ് വഴിയോ, ഭദ്രാസന ആസ്ഥാനങ്ങളിൽനിന്നോ പ. സഭയുടെ അംഗീകാരത്തോടുകൂടെ അച്ചടിക്കുന്ന ആരാധനാക്രമങ്ങൾ മാത്രമെ ഉപയോഗിക്കാവൂ. മറ്റ് അംഗീകാരമില്ലാത്ത പ്രസ്ഥാനങ്ങളും വ്യക്തികളും പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ നമ്മുടെ ദൈവാലയങ്ങളിലും ഭവനങ്ങളിലും ഉപയോഗിച്ച് കൂടാത്തതാകുന്നു.

9. ഗായകസംഘം, താളമേളങ്ങൾ ഒഴിവാക്കിക്കൊണ്ട് മുമ്പ് തന്നിട്ടുള്ള അറിയിപ്പ് അനുസരിച്ച് ഓർഗൺ മാത്രം ഉപയോഗിക്കേണ്ടതാണ്.

10. ഓരോ ഇടവകകളും തങ്ങളുടെ വരുമാനത്തിന്റെ 10% എങ്കിലും സാധുജന സംരക്ഷണത്തിനുവേണ്ടി വിനിയോഗിക്കേണ്ടതാണ്. പള്ളികളിലെ അനാവശ്യ ചെലവുകൾ കുറച്ച്, മനോഗുണ പ്രവർത്തികൾ നിവർത്തിക്കുന്നതിൽ കരുതലുള്ളവരായിരിക്കണം. ഏറെ പള്ളികൾ ഇപ്രകാരം ക്രമീകരിച്ചുവരുന്നത് നന്ദിയോടെ ഓർക്കുന്നു. പ.സഭയുടെ സാമ്പത്തിക ബാദ്ധ്യതതളെ പരിഗണിച്ച് 10% ത്തിൽ നിന്നും സഭയെ സഹായിച്ചുവരുന്ന ബഹു. പള്ളികളെ പ്രത്യേകം ശ്ലാഘിക്കുന്നതോടൊപ്പം മറ്റുപള്ളികൾക്കും അപ്രകാരം ചെയ്യുവാൻതോന്നിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

11. ഏതെങ്കിലും വ്യക്തി മരണശേഷം ശരീരം ആർക്കെങ്കിലും വിട്ടുകൊടുക്കുവാൻ വിൽപത്രം എഴുതുന്നുവെങ്കിൽ ആ വ്യക്തിയുടെ ഭവനത്തിൽവച്ച് മരണമാന്തര ശുശ്രൂഷയുടെ ഒരു ക്രമം നടത്തി അവസാനിപ്പിക്കേണ്ടതും മരിച്ചയാളുടെ ബന്ധുക്കൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ഓർമ്മ കുർബ്ബാന നടത്താവുന്നതുമാണ്.

12. പ.സഭയുടെ വളർച്ച പരിഗണിച്ച് എക്യുമെനിക്കൽ സെക്രട്ടറിയേറ്റ് 2008 ജനുവരി ഒന്നാം തീയതി പാത്രിയർക്കാ സെന്ററിൽ ആരംഭിക്കുന്നതാണ്.

13. ഇടുക്കി ഭദ്രാസനം രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള ക്രമീകരണങ്ങൾ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് ആലോചിച്ച് ചെയ്തുവരുന്നു.

14. ബാഹ്യകേരള ഭദ്രാസനം പൂർണ്ണമായി സഭയിൽ ലയിക്കുന്നത് സംബന്ധിച്ച് പ. എപ്പിസ്കോപ്പൽ സുന്നഹദോസ് ആലോചിക്കുകയും തുടർനടപടികൾക്കായി സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിക്കുന്നു.

15. നമ്മുടെ എല്ലാ ഭദ്രാസനങ്ങളിലും പ്രീ.മാരിറ്റൽ കൗൺസിലിങ്ങ് കോഴ്സുകൾ ക്രമീകരിച്ചുവരുന്നു. ഇവ പൂർത്തിയാകുന്ന മുറയ്ക്ക് വിവാഹത്തിന് അനുവാദം നൽകുന്നതിന് പ്രസ്തുത കോഴ്സിൽ സംബന്ധിച്ച സർട്ടിഫിക്കറ്റ് പള്ളിയിൽ ഹാജരാക്കണമെന്നത് നിർബന്ധമാക്കുന്നതാണ്.

16. വിവാഹമോചകേസുകളെ സംബന്ധിച്ച് വിശദമായി പഠിക്കുന്നതിനും മറ്റുമായി ഭദ്രാസനതലത്തിൽ കുടുംബകോടതികൾ രൂപികരിച്ചുവരുന്നു. മറ്റ് മാർഗങ്ങൾ ഇല്ലാതെ വന്നാൽ മാത്രമെ വിവാഹമോചനത്തിന് സിവിൽ കോടതികളെ സമീപിക്കാവൂ എന്ന പ. എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനം ഏവരും അറിഞ്ഞിരിക്കണം.

17. പ.സഭയുടെ കേന്ദ്രത്തിലും ഭദ്രാസന ആസ്ഥാനങ്ങളിലും രാത്രി സന്ദർശനം അനുവദിക്കുന്നതല്ല.

18. ആത്മഹത്യ ചെയ്യുന്നവർക്ക് മോചനമില്ലെന്നുള്ള പ.സഭയുടെ കണ്ടെത്തലിന് മാറ്റമില്ല. ബന്ധുമിത്രാദികളുടെ ആശ്വാസത്തിനു പ്രത്യാശക്കും വിശ്വാസത്തിലേയ്ക്കുമായി പ്രത്യേകം ക്രമീകരിച്ച പ്രാർത്ഥന നടത്തുവാൻ ക്രമീകരിച്ചിട്ടുണ്ട്.

പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽനിന്നും
2007 ജൂലൈ മാസം 16-ാം തീയതി

ഈ സർക്കുലർ വിശ്വാസികളുടെ അറിവിലേയ്ക്കായി പള്ളിയുടെ നോട്ടീസ് ബോർഡിൽ പതിക്കേണ്ടതാണ്.

# പാറത്തോട് ഗ്രേസി മെമ്മോറിയൽ സെന്റ് ജോർജ് യാക്കോബായ സുറിയാനിപള്ളി ശുദ്ധീകരണം നടത്തി

കാഞ്ഞിരപ്പള്ളി പാറത്തോട് പള്ളി യാക്കോബായ വൈദീകൻ ജൂലൈ 15 ഞായറാഴ്ച ശുദ്ധീകരണം നടത്തി വി. കുർബ്ബാന അർപ്പിച്ചു. നീണ്ട വ്യവഹാരത്തിനുശേഷം യാക്കോബായസഭയ്ക്ക് ലഭിച്ച പാറത്തോട് ഗ്രേസി മെമ്മോറിയൽ സെന്റ് ജോർജ് യാക്കോബായ സുറിയാനിപള്ളിയിൽ കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത നിയോഗിച്ച നടുവിലേക്കര ബഹു. മാത്യൂസ് കശീശ്ശായാണ് ശുദ്ധീകരണം നടത്തി വി. കുർബ്ബാന അർപ്പിച്ചത്. 20 ലക്ഷത്തിൽ പരം രൂപ മുടക്കി അടുത്ത കാലത്താണ് ഈ ദൈവാലയം പുതുക്കി പണിതത്. പള്ളി ശുദ്ധീകരണ ശുശ്രൂഷയിൽ ഈ ദൈവാലയത്തിൽ കൂടി വരുന്ന 80% വിശ്വാസികളും സമീപപ്രദേശത്തെ യാക്കോബായ ഇടവകാംഗങ്ങളുമടക്കം നൂറുകണക്കിന് വിശ്വാസികൾ പങ്കെടുത്തു.



1941 ൽ പുണ്യശ്ലോകനായ യൂലിയോസ് ബാവ കൂദാശ ചെയ്ത കാഞ്ഞിരപ്പള്ളി പാറത്തോട് ഗ്രേസി മെമ്മോറിയൽ സെന്റ് ജോർജ് പള്ളി യാക്കോബായ സഭയ്ക്ക് ലഭിച്ചു.

നീണ്ട നാളത്തെ വ്യവഹാരത്തിനുശേഷമാണ് പള്ളിയുടെ ഉടമസ്ഥാവകാശം ഇല്ലിക്കൽ പരേതനായ പാപ്പച്ചന്റെ ഭാര്യ ശ്രീമതി ഏലി സബേത്ത് ജേക്കബിന് ലഭിച്ചത്. മണമേൽ സി.കെ. കോശി, അക്കാമ്മ കോശി എന്നിവരാണ് ഈ ദൈവാലയം സ്ഥാപിച്ചത്. ശ്രീമതി അക്കാമ്മ കോശി പാലാമ്പടത്ത് പരേതനായ പി.റ്റി. തോമസ് വക്കീലിന്റെ പുത്രിയാണ്. മണമേൽ കോശിയുടെ അകാലത്തിൽ മരിച്ച പുത്രി ഗ്രേസിയുടെ ഓർമ്മയ്ക്കായിട്ടാണ് ഈ ദൈവാലയം വി. ഗീവർഗീസ് സഹദായുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ടത്.

മണമേൽ കോശിയുടെയും ഭാര്യയുടെയും മരണത്തിനുശേഷം മക്കളായ അന്നമ്മയും എലിസബേത്തുമാണ് ഭരണം നടത്തിക്കൊണ്ടിരുന്നത്. എന്നാൽ മൂത്ത സഹോദരിയുടെ ഭർത്താവ് പള്ളിയുടെ സ്ഥാപന ഉദ്ദേശ ലക്ഷ്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചതിൽ മനം മടുത്ത് ഇളയസഹോദരി ശ്രീമതി ഏലിസബേത്ത് ജേക്കബ് കോട്ടയം സബ്കോടതിയിൽനിന്ന് ദീർഘമായ വ്യവഹാരത്തിന് ശേഷം പള്ളിയുടെ ഭരണം വീണ്ടെടുക്കുകയാണുണ്ടായത്. ഇക്കാലയളവിൽ പള്ളി റിസീവർ ഭരണത്തിലായിരുന്നു. കാലം ചെയ്ത പുണ്യശ്ലോകനായ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവ ദീർഘകാലം ഈ ദൈവാലയത്തിന്റെ വികാരിയായിരുന്നു. കാലംചെയ്ത പ.യാക്കോബ് തൃതീയൻ ബാവ ഈ ദൈവാലയം സന്ദർശിച്ചിട്ടുണ്ട്. കൂടാതെ അദ്ദേഹം റമ്പാനായി രുന്നപ്പോൾ 2 മാസക്കാലം ഇവിടെ താമസിച്ചു. കഴിഞ്ഞ ജൂൺ 17 ഞായറാഴ്ച കോട്ടയം ഭദ്രാസനത്തിന്റെ തോമസ് മോർ തീമോത്തിയോസ് നിയമിച്ച നെടുവിലേക്കര ബഹു. മാത്യൂസ് കശീശ വികാരിയായി ചുമതലയേറ്റ് പള്ളിയ്ക്ക് സമീപമുള്ള സണ്ടേസ്കൂൾ കെട്ടിടത്തിൽ വി.കുർബ്ബാന അർപ്പിച്ചു വരികയായിരുന്നു.



# ആശാകിരണിലെ കുട്ടികളുടെ പഠനം: യോഹന്നാൻ റമ്പാൻ മാതൃക കാണിക്കാത്തത് പ്രശ്നങ്ങൾക്ക് കാരണം – എം.എ.ബേബി

കോട്ടയം. ആശാകിരൺ മാനേജരായ പി.സി. യോഹന്നാൻ റമ്പാൻ മാതൃക കാണിക്കാത്തതാണ് എച്ച്.ഐ.വി. ബാധിതരായ കുട്ടികളെ പാമ്പാടി സ്കൂളിൽ പഠിപ്പിക്കാത്തതിന്റെ മുഖ്യകാരണമെന്ന് മന്ത്രി എം.എ.ബേബി അറിയിച്ചു. എച്ച്.ഐ.വി. ബാധിതരായ കുട്ടികൾ പഠിക്കുന്ന പാമ്പാടി എം.ഡി.എൽ.പി.സ്കൂളിലെ രക്ഷിതാക്കളുടെ കുടുംബസദസ്സിൽ പങ്കെടുത്തശേഷം നടത്തിയ പത്രസമ്മേളനത്തിലാണ് മന്ത്രി ഈ വിവരമറിയിച്ചത്.

എച്ച്.ഐ.വി. ബാധിതരായ കുട്ടികളെ, തങ്ങളുടെ കുട്ടികൾ പഠിക്കുന്ന സ്കൂളിൽ പഠിപ്പിക്കുന്നതിന് പ്രശ്നമില്ലെന്നാണ് ഭൂരിപക്ഷം രക്ഷിതാക്കളും അറിയിച്ചത്. പക്ഷെ, എച്ച്.ഐ.വി. ബാധിതരായ കുട്ടികളുടെ സംരക്ഷകനെന്നവകാശപ്പെടുന്ന റവ. പി.സി. യോഹന്നാൻ റമ്പാൻ മാനേജരായ ബി.എം.എം. സി.ബി.എസ്.ഇ. സ്കൂളിൽ ഒരു കുട്ടിയെയെങ്കിലും പഠിപ്പിച്ച് മാതൃക കാട്ടണമെന്ന് രക്ഷിതാക്കൾ ആവശ്യപ്പെട്ടു. ഇവർ ഇക്കാര്യം കഴിഞ്ഞവർഷം പ്രശ്നമുണ്ടായപ്പോഴും ഉന്നയിച്ചതാണ്. അന്ന് എം.ഡി. എൽ.പി. സ്കൂളിൽ പഠിക്കാൻ ആശാകിരണിൽനിന്ന് നാലു വിദ്യാർത്ഥികളാണ് വന്നിരുന്നതെങ്കിൽ, ഇക്കുറി എച്ച്.ഐ.വി. ബാധിതരായ അഞ്ചു വിദ്യാർത്ഥികൾ പഠിക്കാനെത്തി. മുമ്പുണ്ടാക്കിയ ധാരണ പി.സി. യോഹന്നാൻ റമ്പാൻ ലംഘിച്ചതാണ് ഇപ്പോഴത്തെ മുഖ്യപ്രശ്നം.

എച്ച്.ഐ.വി. ബാധയുള്ള അഞ്ചാമത്തെ കുട്ടിയ്ക്ക് സ്കൂൾ പ്രവേശന സമയമാകുമ്പോൾ, താൻ മാനേജരായ ബി.എം.എം. സി.ബി.എസ്. ഇ. സ്കൂളിൽ ചേർത്ത് പഠിപ്പിക്കുമെന്ന് കഴിഞ്ഞവർഷം ആരോഗ്യമന്ത്രി പി.കെ. ശ്രീമതി, വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ എന്നിവരുമായി നടന്ന ചർച്ചയിൽ റമ്പാൻ അറിയിച്ചിരുന്നു. എന്നാൽ വാക്കുപാലിച്ചില്ല. മനുഷ്യത്വത്തിന്റെയും ജീവകാരുണ്യത്തിന്റെയും പ്രതീകമാവേണ്ട റമ്പാൻ അത് കാണിക്കാത്തതിനാൽ ഡോക്ടർമാരുടെ ബോധവത്കരണമൊന്നും രക്ഷിതാക്കളുടെമേൽ ഏശാത്ത അവസ്ഥയാണ് – മന്ത്രി വിവരിച്ചു.

## ന്യൂഡൽഹി സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ പള്ളി പെരുന്നാളിനോടനുബന്ധിച്ച് വൈദ്യുതി വർണ്ണ ബൾബുകളാൽ അലങ്കരിച്ചപ്പോൾ




## വിവാഹിതരായി



ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ സെക്രട്ടറിയും കാരയ്ക്കുന്നം പുളിഞ്ചിയിൽ പരേതനായ യോഹന്നാന്റേയും അന്നമ്മയുടെയും പുത്രൻ ഡീ. ജോബി ജോണും പാങ്കോട് ചേനാട്ടയിൽ പരേതനായ ജോസഫിന്റെയും ലീലയുടെയും പുത്രി ജൂലി യും കാരയ്ക്കുന്നം സെന്റ് മേരീസ് യാക്കോബായ പള്ളിയിൽ ശ്രേഷ്ഠ കാതോലിക്ക അബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവായുടെ പ്രധാന കാർമ്മികത്വത്തിലും മെത്രാപ്പോലീത്തന്മാരായ എബ്രഹാം മോർ സേവേറിയോസ്, ജോസഫ് മോർ ഗ്രിഗോറിയോസ്, ഏലിയാസ് മോർ അത്തനാസ്യോസ് എന്നിവരുടെ സഹകാർമ്മികത്വത്തിലും വിവാഹിതരായപ്പോൾ

## പ. പാത്രിയർക്കീസ് ബാവായുടെ അംഗീകാരം



പ. പാത്രിയർക്കീസ് ബാവായിൽനിന്ന് ബഹുമതികൾ ലഭിച്ച എ.എം. രാജു, റ്റി.റ്റി. ജോയിതോമ്പ്രാ, ഷിബു തെക്കുംപുറം, കെ.ഒ. ഏലിയാസ്, ഫാ. വർഗീസ് തെക്കേക്കര, ഉമ്മച്ചൻ വേങ്കടത്ത് എന്നിവർ ശ്രേഷ്ഠ കാതോലിക്കാ ബാവായോടും മെത്രാപ്പോലീത്തന്മാരോടും സഭാ ഭാരവാഹികളോടും

## കെ.പി. തോമസിന് ഷെവലിയാർ സ്ഥാനം നൽകി




പ. പാത്രിയർക്കീസ് ബാവായിൽനിന്ന് ഷെവലിയർ സ്ഥാനം ലഭിച്ച മണർകാട് സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗമായ കാളിയങ്കൽ–മണ്ണുങ്കന്ത്രലായ കിഴക്കേപ്പറമ്പിൽ കെ.പി. തോമസിന് ജൂലൈ 6 ന് പുത്തൻകുരിശിൽ വച്ച് നടന്ന യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ വച്ച് ശ്രേഷ്ഠ കാതോലിക്കാ ബാവ സ്ഥാനചിഹ്നം അണിയിക്കുന്നുകഴിഞ്ഞ 40 വർഷക്കാലമായ ഇടവകപള്ളി, സ്ഥാപനങ്ങൾ എന്നിവയുടെ ഭരണരംഗത്തെ സ്തുത്യർഹമായ സേവനങ്ങൾ കണക്കിലെടുത്തും കോട്ടയം സെന്റ് ജോസഫ് കത്തീഡ്രൽ സ്ഥാപക പ്രവർത്തകൻ, സത്യവിശ്വാസസംരക്ഷണസമിതി കേന്ദ്രകമ്മിറ്റിയംഗം, കേഫായുടെ സ്ഥാപക ട്രസ്റ്റി എന്നീ നിലകളിലും യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ലിറ്റിഗേഷൻ കമ്മിറ്റി അംഗമെന്ന നിലയിലും നടത്തിവരുന്ന പ്രശംസനീയമായ പ്രവർത്തനങ്ങൾക്ക് അംഗീകാരമായിട്ടാണ് ഈ സ്ഥാനം നൽകിയത്.


## മൂന്നാം ചരമവാർഷികം
## ബിജു ചാക്കോ
## മരിക്കാത്ത ഓർമ്മകളുമായി




**Friends**
**St. Peters Cathedral NewDelhi**

# വർക്കിംഗ് കമ്മിറ്റി അംഗങ്ങൾ


ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവ



അഭി. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത


അഭി. ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത


വന്ദ്യ കണിയാംപറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പ



സഭാ ട്രസ്റ്റി ജോർജ് മാത്യു തെക്കേത്തലയ്ക്കൽ


സഭാ സെക്രട്ടറി തമ്പു ജോർജ് തുകലൻ


വന്ദ്യ പൗലോസ് കോറെപ്പിസ്കോപ്പ പരത്തുവയലിൽ


വന്ദ്യ മത്തായി കോറെപ്പിസ്കോപ്പ പൂവന്തറ


വന്ദ്യ കുര്യാക്കോസ് കോറെപ്പിസ്കോപ്പ കിഴക്കേടത്ത്


വന്ദ്യ ബേബി കോറെപ്പിസ്കോപ്പ ചാമക്കാല


ഫാ. ജേക്കബ് മിഖായേൽ പുല്യാട്ടേതിൽ


കമാണ്ടർ കെ. എ. തോമസ് പാലക്കുഴ


കമാണ്ടർ മത്തായി പുറപ്പാടത്ത്


കമാണ്ടർ ഇ.എം. ജോൺ എളമ്പാശേരിൽ


ഷെവ. പ്രൊഫ. എം.എ. പൗലോസ് മേലേത്ത്


ഷെവ. ഐ. ജോൺ പയറ്റുവിള


ഷെവ. കെ.ഒ. ഏലിയാസ് കളമ്പാട്ടുകുടി


ഷെവ. റ്റി.റ്റി. ജോയി തോമ്പ്രാ


ഷെവ. ഉമ്മച്ചൻ വേങ്കടത്ത്


ഷെവ. ബിബി എബ്രഹാം കടവുംഭാഗം


വി.സി. വർഗീസ് കോനം മൂട്ടിൽ വാലേൽ

## നോമിനേറ്റഡ് അംഗങ്ങൾ


വന്ദ്യ പീറ്റർ കോറെപ്പിസ്കോപ്പ വേലംപറമ്പിൽ



വന്ദ്യ എബ്രഹാം കോറെപ്പിസ്കോപ്പ മണ്ണികരോട്ട്


ഫാ. വർഗീസ് തെക്കേക്കര


ഷെവ. അഡ്വ. ബഞ്ചമിൻ പോൾ പെൻതാലായിൽ


ഷെവ. പ്രൊഫ റ്റി.സി. തോമസ് തണ്ടാശ്ശേരി


ഷെവ. ഷിബു തെക്കുംപുറം


കെ.ഐ. അലക്സാണ്ടർ കറുത്തനാട്ടുമറ്റം (കാരയ്ക്കാട്)


വിശ്വാസസംരക്ഷകൻ വായിക്കുക

പ. സഭയെ അറിയുക

വിദേശ വാർഷിക വരിസംഖ്യ – 1000/-

Bibby Abraham
Kadavumbhagom
Pulickalkavala P.O.,
Vazhoor, Kottayam
Ph : 0481 - 2456498, 2458198,
Mob. 9446921775
abrahambibby@yahoo.com

# ഇരുസഭകളായി പിരിയുന്നതിനുള്ള അന്തരീക്ഷം സംജാതമാക്കണം : യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ



1. 1995 ലേയും 2007 ലേയും ബഹു. സുപ്രിംകോടതി വിധികളിലൂടെ ഇടവകപള്ളികൾക്ക് ലഭിച്ചിട്ടുള്ള സ്വാതന്ത്ര്യത്തിനും ഇന്ത്യൻ ഭരണഘടന 19.1(C) 25,26 വകുപ്പുകൾ പ്രകാരമുള്ള ജനാധിപത്യ മൂല്യങ്ങൾക്കും വിരുദ്ധമായി മെത്രാൻകക്ഷി സഭയുടെ വൻ സ്വാധനങ്ങൾക്കും അമിത സമ്മർദ്ദങ്ങൾക്കും വഴിപ്പെട്ട് ബന്ധപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർ നടത്തുന്ന അക്രമങ്ങൾക്കും, അനീതികൾക്കും പരിഹാരം വരുത്തി അർഹരായവർക്ക് നിയമാനുസൃത സംരക്ഷണം നൽകണമെന്ന് ഈ യോഗം ബഹുമാനപ്പെട്ട് കേരള സർക്കാരിനോട് അപേക്ഷിക്കുന്നു.

2. സഭാതർക്കം കേസ്സിലൂടെ ഒരിക്കലും പരിഹരിക്കുവാൻ സാദ്ധ്യമല്ലെന്ന് ഇന്ത്യയിലെ നീതിപീഠങ്ങളും മഹൽ വ്യക്തികളും മറ്റ് സഭാ പിതാക്കന്മാരും അഭിപ്രായപ്പെട്ടിരിക്കെ - രാജ്യത്തിന്റെ ക്രമസമാധാനവും സമ്പത്തും നഷ്ടപ്പെടപത്തുന്ന മെത്രാൻകക്ഷി വിഭാഗത്തിന്റെ നടപടികളെ നിയന്ത്രിച്ച് ഇരുസഭകളായി പിരിയുന്നതിനുള്ള അന്തരീക്ഷം സംജാതമാക്കണമെന്ന് ബഹുമാനപ്പെട്ട കേരള സർക്കാരിനോട് ഈ യോഗം അപേക്ഷിക്കുന്നു.

3. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന ന്യൂനപക്ഷ സംരക്ഷണം യഥാർത്ഥമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട കേരള സർക്കാരിനോട് ഈ യോഗം അപേക്ഷിക്കുന്നു.

4. സ്വാശ്രയ വിദ്യാഭ്യാസരംഗം കലുക്ഷിതമാക്കാതെ രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും നിർഭയമായും സമാധാനപരമായും വിദ്യാഭ്യാസം നടത്തുവാൻ തക്ക സമവായങ്ങൾ ചർച്ചയിലൂടെ ഉണ്ടാക്കണം എന്ന് ബഹുമാനപ്പെട്ട കേരള സർക്കാരിനോട് ഈ യോഗം അപേക്ഷിക്കുന്നു.

5. ശനി, ഞായർ ദിവസങ്ങൾ പ്രവർത്തി ദിനമാക്കി മാറ്റുവനുള്ള പരിശ്രമങ്ങളിൽനിന്ന് ബഹുമാനപ്പെട്ട കേരള സർക്കാർ പിന്തിരിയണമെന്ന് ഈ യോഗം അപേക്ഷിക്കുന്നു.

6. വിശുദ്ധനാടുകൾ സന്ദർശിക്കുന്ന ക്രിസ്തീയ സഭാ വിശ്വാസികൾക്ക് സബ്സിഡി ലഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ഈ യോഗം ആവശ്യപ്പെടുന്നു.



ചീഫ് എഡിറ്റർ: ഷെവ. ബിബി ഏബ്രഹാം കടവുംഭാഗം, പുളിക്കൽകവല പി. ഒ. ,വാഴൂർ
Ph: 0481-2456498, 2458198, 9446921775,
Sponsored by: Mor adai Study Center http://moradaistudycenter.cjb.net
editor@viswasasamrakshakan.org abrahambibby@yahoo.com